## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4675

27.06.2014-ൽ മറുപടിയ്ക്ക്

### കലാകാര പെൻഷൻ പ്രായ പരിധി

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ
" സി.എഫ്. തോമസ്
" റ്റി.യു. കുരുവിള
" മോൻസ് ജോസഫ്

**മറുപടി**

ശ്രീ. കെ.സി.ജോസഫ്
(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കലാകാരന്മാർക്ക് നൽകുന്ന പെൻഷൻ എണ്ണത്തിലും, തുകയിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു **ശേഷം** കലാകാരന്മാർക്ക് നൽകുന്ന പെൻഷൻ എണ്ണത്തിലും, തുകയിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. പുതുതായി 1318 കലാകാരന്മാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ 1/4/2013 മുതൽ കലാകാര പെൻഷൻ 550/- രൂപയിൽ നിന്നും 650/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം അവശ കലാകാര പെൻഷൻ നിലവിലെ 650/- രൂപയിൽ നിന്നും 750/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പെൻഷൻ ലഭിക്കുന്നതിന് വേണ്ടി പ്രായം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | 50 വയസ്സിന് മുകളിലുള്ള കലാകാരന്മാർക്ക് കലാകാര പെൻഷനു വേണ്ടി അപേക്ഷിക്കാവുന്നതാണ്. 08.11.1999-ലെ സ.ഉ(കൈ) നമ്പർ 49/99/സിഎഡി നമ്പർ ഉത്തരവിൻ പ്രകാരമാണ് മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ